# കവിത താണ്ടുന്ന കാടിനെക്കുറിച്ച്

സ്നേഹ എച്ച്. എൻ.



കവിത താണ്ടുന്ന കാടിനെക്കുറിച്ച്
സ്നേഹ എച്ച്. എൻ.
(മലയാളം: ലേഖനം)

© 2022, Sneha H. N.

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Still Life before an Open Window, Place Ravignan, a painting by Juan Gris (1887 - 1927). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കവിത താണ്ടുന്ന കാടിനെക്കുറിച്ച്


റോബർട്ട് ഫ്രോസ്റ്റ്

കവിതയുടെ കാഴ്ചവട്ടം വളരെയേറെ വിശാലമാണ്. ദേശം, ഭാഷ, കാലം എന്നിവകൾക്കപ്പുറം നീളുന്ന ഒറ്റയാൻ പോരാളിയായി കവിതകൾ പ്രത്യക്ഷപ്പെടാറുണ്ട്. വിവർത്തന കവിതകളിലേക്ക് വരുമ്പോൾ കവിതയുടെ ഈ പോരാട്ടം കുറച്ചധികം ശക്തമാകുന്നത് കാണാം. "വിവർത്തനത്തിലൂടെ നഷ്ടമാകുന്നതെന്തോ അതാണ് കവിത" എന്ന ഫ്രോസ്റ്റിന്റെ പ്രസ്താവനയോട് പരസ്യമായി മല്ലിടുന്ന, അദ്ദേഹത്തിന്റെ തന്നെ കവിതകൾക്ക് വന്നിട്ടുള്ള വിവർത്തനങ്ങളെ ആധാരമാക്കിയുള്ള അന്വേഷണമാണിത്. "കവിത മറ്റൊരു ഭാഷയാണ്, ഭാഷയ്ക്കുള്ളിലെ മറ്റൊരു ഭാഷ" എന്ന പോൾ വലേറിയുടെ വാചകം ഈ പഠനത്തിന് ആപ്തവാക്യമായി വരാം. കണ്ടെത്തലുകളിലേക്കും വീണ്ടെടുപ്പിലേക്കും വ്യാപിക്കുന്ന സർഗാത്മകമായ അർത്ഥാന്വേഷണങ്ങളായി വിവർത്തനത്തെ മനസ്സിലാക്കേണ്ടതുണ്ട്. റോബർട്ട് ഫ്രോസ്റ്റ് 1923-ൽ പ്രസിദ്ധീകരിച്ച "Stopping by the woods on a snowy evening" എന്ന കവിതക്ക്, വ്യത്യസ്ത കാലയളവിൽ മലയാളത്തിൽ വന്ന ഏതാനും വിവർത്തനങ്ങളെ സവിശേഷമായി പഠിക്കുകയാണ് ഈ ലേഖനത്തിലൂടെ ചെയ്യുന്നത്. കവിക്ക് കവിത ജീവിതത്തിലുടനീളം പ്രകോപന പ്രധാനമാണ്. വാക്കുകൾക്കു വേണ്ടി മണ്ണും മലയും കടലും ആകാശവും ചികഞ്ഞുകൊണ്ടേയിരിക്കുന്ന അവിശ്രമനായ കുട്ടിയാണ് കവി. ഈ പ്രവൃത്തിയുടെ ഏറ്റവും ബലവത്തായ സാക്ഷാത്കാരമാണ് കവിതാവിവർത്തനം. അവിടെ ഭിന്നഭാഷാനിഘണ്ടുക്കൾ തമ്മിലുള്ള സന്ധിചർച്ചയല്ല മറിച്ച് വ്യതിയാനങ്ങളാൽ സമ്പന്നമായ മറ്റൊരു കലാസൃഷ്ടിയാണുണ്ടാകേണ്ടത്.

"മനോഹരം മഹാവനം ഇരുണ്ടഗാധമെങ്കിലും
അനേകമുണ്ട് കാത്തിടേണ്ട
മാമക പ്രതിജ്ഞകൾ,
അനക്കമറ്റ നിദ്രയിൽ ലയിപ്പതിന്നു മുൻപിലായ്
എനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ."


കടമ്മനിട്ട രാമകൃഷ്ണൻ

'ഞാനും കിളിയും' എന്ന തന്റെ കവിതയ്ക്ക് ആമുഖമായി കടമ്മനിട്ട വിവർത്തനം ചെയ്ത വരികളാണിത്. സംസ്കൃതത്തിലെ താളാത്മക വൃത്തങ്ങളിൽ ഒന്നായ പഞ്ചചാമരത്തിൽ രചിക്കപ്പെട്ട ഈ വരികൾ ഷഹബാസിന്റെ ഗസലിലേക്കും ഊരാളിയുടെ പൊലിമയാർന്ന സംഗീതത്തിലേക്കും ഈ അടുത്ത് ഇടംചേരുകയുണ്ടായി. ഫ്രോസ്റ്റ് ഒരുപക്ഷേ, കടമ്മനിട്ടയുടെ വരികൾ വായിച്ചിരുന്നെങ്കിൽ "Poetry is what gets beautified in translation" എന്നു തിരുത്തി എഴുതിയേനെ എന്നു കൂടി തോന്നുന്നുണ്ട്. ഭാഷയും ഭാവവും താളാത്മകമാകുന്നുണ്ടിവിടെ. തന്റെ ഗ്രാമത്തിലൂടെ അന്തിയാവോളമുള്ള കവിസഞ്ചാരം ആവിഷ്കരിച്ച കടമ്മനിട്ട രാമകൃഷ്ണന്റെ കടമ്മനിട്ട എന്ന കവിതയും, തന്റെ ഗ്രാമത്തിലെ ജീവിതാവസ്ഥ ആവിഷ്കരിക്കുന്ന 'ഞാനിന്നുമെന്റെ ഗ്രാമത്തിലാണ്' എന്ന കവിതയും ഈ വിവർത്തനത്തോടു ചേർത്തു വായിക്കേണ്ടതുണ്ട്. കടമ്മനിട്ടയുടെ അതേ സൗന്ദര്യാത്മക ദർശനങ്ങളിലൂടെ സ്പഷ്ടം ചെയ്തെടുത്തതാണ് ഈ വരികളും. ഫ്രോസ്റ്റിന്റെ കവിതകളിൽ നിറയുന്ന ബുദ്ധദർശനങ്ങളുടെയും, അസ്തിത്വാന്വേഷണത്തിന്റെയും, പ്രാദേശിക-പ്രകൃതി ബിംബങ്ങളുടെയും വിവർത്തനമാണ് കടമ്മനിട്ട നിർവഹിച്ചത്. കാലദേശസങ്കല്പങ്ങളിൽ നിന്നു സ്വതന്ത്രമായ കവിതകളുള്ളിലെ ഭാഷയാണ് ഇവിടെ വിവർത്തനം ചെയ്യപ്പെട്ടത് എന്നു സാരം. വാൾട്ടർ ബെഞ്ചമിൻ സൂചിപ്പിച്ച പോയ ശുദ്ധഭാഷ അഥവാ നിഗൂഢമായ അന്തഃസത്തയാണ് വിവർത്തനപ്രക്രിയക്ക് ആധാരമാകേണ്ടത് എന്ന് ഇവിടെ തെളിയുന്നുണ്ട്.

എൻ. വി. കൃഷ്ണവാര്യർ "വനത്തിൽ ഒരു ഹിമസായാഹ്നം" എന്ന ശീർഷകം നൽകി ഈ കവിത പദാനുപദവിവർത്തനം ചെയ്തപ്പോൾ വാക്കുകളുടെ തിരഞ്ഞെടുപ്പിൽ അദ്ദേഹം കാണിച്ച സൂക്ഷ്മത മലയാളകവിതയിലേക്ക് മഞ്ഞുപെയ്യുന്ന ആ ഇരുണ്ട വൈകുന്നേരത്തെ ആവാഹിക്കാൻ ശേഷിയുള്ളതായി തീർന്നു.

"The woods are lovely, dark and deep,
But I have promises to keep,
And miles to go before I sleep,
And miles to go before I sleep"

എന്ന ഫ്രോസ്റ്റിന്റെ വരികൾ

"മോഹനം വനം സാന്ദ്രഗഹനം നീലശ്യാമം
ഞാൻ പക്ഷേ പാലിക്കേണം
ഒട്ടേറെ പ്രതിജ്ഞകൾ
പോകേണമേറെ ദൂരം വീണുറങ്ങീടും മുന്നേ,
പോകേണമേറെ ദൂരം വീണുറങ്ങീടും മുന്നേ."

എന്നു വിവർത്തനം ചെയ്യപ്പെട്ടു. 'The darkest evening of the year' എന്ന പ്രയോഗത്തിന് 'ആണ്ടിലുമേറ്റവുമിരുൾമുറ്റിയതാം ഈ അന്തിക്ക്' എന്നാണ് എൻ. വി. ഉപയോഗിച്ചത്. എൻ. വി. നൽകിയ ഈ വിവർത്തനം അക്ഷരാർത്ഥത്തിൽ മനോഹരമായൊരു മഹാവനത്തെ മലയാളകവിതയിലേക്കു വരച്ചിട്ടു. മഞ്ഞിന്റെ തണുപ്പും ഉറഞ്ഞുപോയ പൊയ്കയും ഫ്രോസ്റ്റിനോളം ആഴത്തിൽ വായനകാരിലേക്ക് എൻ. വി. എത്തിക്കുന്നതായി കാണാം. ഏറെക്കുറെ ഒരേയാഴത്തിൽ കണ്ട കാടുകളായി അതുകൊണ്ട് തന്നെ ഫ്രോസ്റ്റിന്റെയും എൻ. വി.യുടെയും കവിതയെ വിലയിരുത്താം.

"മനോഹരം, ശ്യാമ,മഗാധമാണീ
വനാന്തരം സുന്ദര,മെങ്കിലും ഹാ!
എനിക്കു പാലിച്ചിടുവാനനേകം
പ്രതിജ്ഞയുണ്ടിന്നിയുമെന്റെ മുന്നിൽ,
കിടപ്പു കാതങ്ങളനേകമിക്ക-
ണ്ണടഞ്ഞിടും മുമ്പിവനിന്നു താണ്ടാൻ
കിടപ്പു കാതങ്ങളനേകമിക്ക-
ണ്ണടഞ്ഞിടും മുമ്പിവനിന്നു താണ്ടാൻ!"

എന്നവസാനിക്കുന്ന 1979-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഉമേഷിന്റെ വിവർത്തനം പരിശോധിക്കുമ്പോൾ സംസ്കൃതവൃത്തങ്ങൾക്ക് വിധേയപ്പെട്ടതുവഴി കവിതയുടെ ഭംഗി അവിടിവിടായി അസ്വസ്ഥതമാകുന്നതായി കാണാം. 'മഞ്ഞു മൂടിയ സന്ധ്യയിൽ വനത്തിൻ ചാരെ നിൽക്കവേ' എന്നാണ് കവിതാശീർഷകമായി കൊടുത്തിരിക്കുന്നത്.

"വനത്തിനിന്നുള്ളൊരു ഭംഗി കാണാൻ
വഴിക്കു ഞാൻ വണ്ടി നിറുത്തി"

എന്ന വരികളിൽ 'വണ്ടി' എന്ന ബിംബം ഫ്രോസ്റ്റിന്റെ വനപ്പരപ്പിൽനിന്നും ഏറെ ദൂരയാണ്. മഞ്ഞിന്റെ തണുപ്പ് വായനകാരനു കൈമാറാൻ ഈ വിവർത്തനം മറന്നു പോകുന്നുമുണ്ട്. ഫ്രോസ്റ്റിൽ നിന്നും ദൂരെ മാറിപോകുന്നുണ്ടെങ്കിലും സർഗാത്മകവിവർത്തനത്തിന്റേതായ സാധ്യതകൾ ഉമേഷ് ഇവിടെ ഉപയോഗിക്കുന്നുണ്ട്.

മലയാളകവിതയിലേക്ക് അരികുവത്കൃതരുടെ കാഴ്ചയും മൊഴികളും സ്വാംശീകരിച്ചെഴുതിയ എസ്. ജോസഫ് 'മഞ്ഞുമൂടിയ വൈകുന്നേരം മരങ്ങൾക്കരികിൽ നിൽക്കുമ്പോൾ' എന്ന പേരിൽ ഫ്രോസ്റ്റിന്റെ കവിത പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

"വനങ്ങൾ രമണീയം, ഗഹനം, കരിനീലം
എനിക്ക് പക്ഷേയുണ്ട്
പാലിക്കാൻ വാഗ്ദാനങ്ങൾ
ദൂരങ്ങളൊരുപാടുണ്ടുറങ്ങും മുൻപേ താണ്ടാൻ
ദൂരങ്ങളൊരുപാടുണ്ടുറങ്ങും മുൻപേ താണ്ടാൻ"

മഞ്ഞുപെയ്യുന്ന വൈകുന്നേരവും മഹാവനവും വിട്ട്, നിന്നുപോയ കുതിരക്കുഞ്ഞിലേക്കു ശ്രദ്ധക്ഷണിക്കുന്നതാണ് ജോസഫിന്റെ വിവർത്തനം. തന്റെ മറ്റുകവിതകളുടെതുപോലെ നിറങ്ങളും വരകളും ലോലഭാവങ്ങളും ഈ കവിതയിലേക്കും ചേർത്തുച്ചരിക്കുകയാണ് കവി.

യുവകവി സുജീഷിലൂടെ 2020-ൽ ഫ്രോസ്റ്റ് പിന്നെയും വിവർത്തനംചെയ്യപ്പെടുന്നുണ്ട്. മഞ്ഞുതിരും സന്ധ്യയിൽ കാടരികിൽ എന്നാണ് അദ്ദേഹം നൽകിയ ശീർഷകം.

"ഇരുണ്ടഗാധം—മനോഹരം ഈ കാടെങ്കിലും
പാലിക്കാനുണ്ടേറെ വാക്കെനിക്ക്,
നാഴിക താണ്ടാനുണ്ടേറെ ഉറങ്ങും മുൻപ്,
നാഴിക താണ്ടാനുണ്ടേറെ ഉറങ്ങും മുൻപ്"

എന്ന സുജീഷ് ആ കവിതയെ പുതിയവാക്കുകളോടു ചേർത്തുവെച്ചു.


വാൾട്ടർ ബെഞ്ചമിൻ

ഈ വിവർത്തനങ്ങളിൽ കവിത താണ്ടുന്ന ദൂരം വ്യത്യസ്തമാണ്. വാക്കുകളുടെ തെരഞ്ഞെടുപ്പിൽ ഓരോരുത്തരിലും അവരുടെ എഴുത്തിന്റെ പരിസ്ഥിതിക്ക് വ്യക്തമായ സ്വാധീനമുണ്ട്. ഫ്രോസ്റ്റിന്റെ കവിതയിലെ 'കാട്' പിന്തുടർന്നു വന്ന ധാരാളം കവികൾക്ക് മോഹവസ്തുവായിട്ടുണ്ട്. അതിന്റെ ആഴവും പരപ്പും കവിതാവിവർത്തനങ്ങളെ പലവിധം സ്വാധീനിച്ചിട്ടുണ്ട്. ഈ സ്വാധീനം വിവർത്തനത്തെ പാഠഭേദമായോ ഒരു സ്വാതന്ത്ര്യകൃതിയായോ മനസിലാക്കാനും വിലയിരുത്താനും ആവശ്യപെടുന്നു. ഫ്രോസ്റ്റ് കാണിച്ച തന്ന കാടും ഉതിർന്നുവീണ മഞ്ഞും വിവർത്തകർക്ക് ഉൾപ്രേരകങ്ങളായെങ്കിൽ കൂടി വിവർത്തനങ്ങളിലെ കാടും, മഞ്ഞും, താണ്ടാനുള്ള ദൂരവും വേറേ തന്നെയാണ്. എൻ. വി. യുടെയും കടമ്മനിട്ടയുടെയും കവിതകൾ നഷ്ടങ്ങളല്ലാ സൗന്ദര്യാത്മകതയുടെ കണ്ടെത്തലാണ് കവിതാവിവർത്തനം സാധ്യമാക്കുന്നത് എന്ന് ഉറപ്പിക്കുന്നുണ്ട്. ഭാഷദേശാതി ബിംബങ്ങൾക്കുമപ്പുറം കേസരി പറഞ്ഞു വെച്ച ഏകവിശ്വസാഹിത്യ സങ്കല്പവും സാംസ്കാരികലയനവും സാധ്യമാകുന്ന വിശേഷ പ്രക്രിയയാണ് വിവർത്തനം. പക്ഷേ, വിവർത്തന വിനിമയത്തിൽ വിവർത്തകന്റെ ഭാഷക്കും ദേശത്തിനും അഭേദ്യമായ സ്വാധീനം ഉണ്ട്. അതുകൊണ്ടു തന്നെ വിവർത്തനം ഒരു സർഗാത്മക പ്രക്രിയയാണ്. അതിന്റെ കാതലായ സവിശേഷത വ്യതിചലനം ആയിരിക്കേണ്ടതുണ്ട്.

"കാടൊക്കെ രസം തന്ന്യാണ്.
ഇരുട്ടും പരപ്പും ഒക്കെണ്ടെങ്കിലും യ്ക്ക്
കൊറച്ച് വാക്ക് പാലിക്കാൻ ണ്ട്.
ചാവുന്നേനു മുമ്പ്
കൊറേക്കാര്യങ്ങള് ചെയ്യാനുംണ്ട്"

ഗീതാ സൂര്യന്റെ ഈ വിവർത്തനമാകട്ടെ ഫ്രോസ്റ്റിന്റെ ഇരുണ്ടഗാധമായ വനത്തെ കോഴിക്കോടിന്റെ പ്രാദേശിക ഭാഷാപരിസരത്തിലേക്കു കൊണ്ടെത്തിക്കുന്നു. കേരളത്തിന്റെ വാമൊഴിവഴക്കങ്ങളിലേക്കുകൂടി ഫ്രോസ്റ്റിന്റെ കവിത അവിശ്രമം സഞ്ചരിക്കുകയാണിവിടെ.

കവിതാവിവർത്തനത്തിൽ ഭാഷ താണ്ടുന്ന ദൂരവും ചുറ്റിസഞ്ചരിക്കുന്ന കാടും വൈരുധ്യമാനമാകുന്ന കാഴ്ചയോടുകൂടിയാണ് ഈ കവിതകളെയെല്ലാം വിലയിരുത്തേണ്ടത്. ആദ്യപാഠം അഥവാ മൂലകൃതിയിൽ നിന്നു കെട്ടുപൊട്ടിച്ചോടുവാൻ തക്ക പാകമായൊരു ഭാഷ വിവർത്തകന്റെ എഴുത്തിൽ ആവാഹിക്കപ്പെടുന്നുണ്ടിവിടെ, ആയതിനാൽ വിവർത്തന പാഠങ്ങൾക്ക് സ്വാതന്ത്രമായൊരു അസ്തിത്വം ഉണ്ടെന്നത് തർക്കവിഷയമാകേണ്ടതില്ല. റോബർട്ട് ഫ്രോസ്റ്റിന്റെ പ്രസ്തുത കവിത, വിവർത്തനം ചെയ്യപ്പെടുമ്പോൾ കവിതയിലെ മഹാവനമല്ലാ കവിതക്കുള്ളിൽ അന്തർലീനമായിട്ടുള്ള നിഗൂഢവനമാണ് വിവർത്തന വിഷയമാകുന്നത് . അതിനാൽ തന്നെ ചേർച്ചയല്ല വൈവിദ്ധ്യമാണ് കവിതാ വിവർത്തനത്തിന് സൗന്ദര്യം പ്രദാനം ചെയ്യുന്നത്. പോൾ വലേറി പറഞ്ഞുവെച്ച കവിതക്കുള്ളിലെ ഭാഷയിലേക്കുള്ള അന്വേഷണമാണ് ഓരോ വിവർത്തനവും. ഫ്രോസ്റ്റിനെ വായിച്ച മടങ്ങുമ്പോൾ ആ കവിതാശകലത്തിൽ നിന്നുപോയവരാണ് അധികവും. വായനയുടെ തിരയേറ്റങ്ങളിൽ പലതിലും കടലിലേക്കു മുങ്ങാങ്കുഴിയിടുന്ന കവിതയാണ് ഫ്രോസ്റ്റിന്റേത്. ഈ വിവർത്തന പഠനത്തിനിടക്ക് എന്റെയുള്ളിൽ ഈ വിധം പ്രസ്തുത കവിത വിവർത്തനം ചെയ്യപ്പെടുന്നു എന്നുകൂടി സൂചിപ്പിക്കട്ടെ.

"മഞ്ഞുപെയ്യുന്ന ഈ സന്ധ്യയിൽ
നിന്റെ വന്യതയിലേക്ക്
കവിത നട്ട് ഞാനിതാ നിന്നുപോകുന്നു.
നിന്റെ ഉടലൊഴുക്കുകളിലേക്ക്,
കൺതോട്ടിലേക്ക്,
നക്ഷത്രത്തുരുത്തിലേക്ക്
എനിക്കതീവദൂരമുണ്ടവിശ്രമം നടക്കുവാൻ,
എനിക്കതീവദൂരമുണ്ടവിശ്രമം നടക്കുവാൻ...!"

കവിതകൾ ഒരിക്കലും അവസാനിക്കുന്നില്ല, ഒഴുകാനുള്ള സാധ്യതകളും പേറി ഭാഷയും ദേശവും കാലവും മുറിച്ചുകടന്നുകൊണ്ടേയിരിക്കുമത്. 1924-ൽ എഴുതപ്പെട്ട ഒരു കവിതയ്ക്ക് തൊണ്ണൂറിൽപരം വർഷങ്ങൾക്കു ശേഷവും വിവർത്തനങ്ങൾ വരുന്നുവെന്നത് കവിതയുടെ ആ സാധ്യതയെ ഒരാവർത്തി കൂടി അടിവരയിടുന്നുണ്ട്.

"കവിതാവിവർത്തനം
ഒരു കൂട്ട വിട്ടു കൂടുമാറ്റമാണ്
മത്സ്യം വെള്ളത്തിലൂടെ ഊളിയിടുന്നതുപോലെ
വിവർത്തകൻ മനസ്സുകളിലൂടെ ഊളിയിടുന്നു
ഓരോ വാക്കിന്റെയും തീരത്ത്
അവൻ തരിമണലിൽ കുനിഞ്ഞിരിക്കുന്നു
ഓരോ കക്കയുടെയും നിറം പഠിക്കുന്നു
ഓരോ ശംഖും ഊതിനോക്കുന്നു."

സച്ചിദാനന്ദന്റെ ഈ വരികളിലേതുപോലെ കവിതാവിവർത്തനം കടലിനെ അറിയലാണ്. ഒഴുക്കിനെ, മത്സ്യത്തെ, ഉൾപവിഴങ്ങളെ ആഴത്തിൽ ചെന്ന് തൊട്ടുകൊണ്ടേയിരിക്കലാണ്, സർഗാത്മകമായ ചലനമാണത്.

## ഗ്രന്ഥസൂചി


1. അച്യുതൻ എം . പ്രൊഫ. – പശ്ചാത്യസാഹിത്യ ദർശനം, കോട്ടയം: ഡി. സി ബുക്ക്സ്, 1962.
2. അജയ് പി. മങ്ങാട്ട് – പറവയുടെ സ്വാതന്ത്ര്യം, കോട്ടയം: ഡി. സി. ബുക്ക്സ്, 2020.
3. ജോസഫ് എസ്. -ഓർഫ്യൂസ്, ഡി. സി. ബുക്ക്സ്, 2021.
4. മാത്യൂസ് പി.എഫ്.– മുഴക്കം, മാതൃഭൂമി ബുക്ക്സ്, 2021.
5. സച്ചിദാനന്ദൻ - മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്ക്സ്, 2009.
6. സച്ചിദാനന്ദൻ -തെരഞ്ഞെടുത്ത കവിതകൾ, സായാഹ്ന ഫൗണ്ടേഷൻ, 1999.
7. https://youtu.be/IY9qwIrfzPI
8. https://trell.co/read/-1602e5467bfc
9. https://kalamnews.in/interview-s.joseph-kala-savithri-sun-day-special
10. https://www.manoramaonline.com/literature/-literaryworld/kadammanitta-ramakrishnan-death-anniversary.html
11. https://umeshnair.wordpress.com/2005/05/18/-robert-frost-miles-to-go/
12. https://www.sujeesh.in/2020/11/Robert-Frost-Poem.html?m=1
13. https://www.facebook.com/100000724323470/-posts/pfbidowKqjRwf3BLV8D22zM8DrnhTLK-8BWsyC3iVRcJFugNFQoNYb3h7mbyi7eBzU-6waLbl/?app=fbl


□

## സ്നേഹ എച്ച്. എൻ.



എറണാകുളം മഹാരാജാസ് കോളേജിൽ മലയാളത്തിൽ ബിരുദം നേടി. കേരള സർവ്വകലാശാല കാര്യവട്ടം കാമ്പസിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ്. മലപ്പുറം പൊന്നാനി സ്വദേശി.

(ചിത്രങ്ങൾക്കും വിവരങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.